DESPATCHED On. 5/02/22



27.01.22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം, തിരുവനന്തപുരം 695 001

ഫോൺ: 0471 2561603, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No.2501(4)/*2014/എസ്.ഐ.സി.***

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.15274/*എസ്.ഐ.സി–ജി 2/2014*)**

**ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

(തീയതി 27.01.2022)

ശ്രീ. ജോസഫ് മാമ്മൂട്ടിൽ,
സൗത്ത് ചിറ്റൂർ പി.ഒ,
വാലം, ചേരാനെല്ലൂർ,
കൊച്ചി- 682 027.

അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സെക്രട്ടറി
   ചെല്ലാനം ഗ്രാമ പഞ്ചായത്ത്, ആണ്ടിക്കടവ് പി.ഒ,
   എറണാകുളം- 682 008.
2. അപ്പീൽ അധികാരി &
   പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,
   എറണാകുളം.

എതിർകക്ഷികൾ

## ഉത്തരവ്

ടി അപ്പീൽ ഹർജിയിൽ കമ്മീഷൻ 09.08.2021 ൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നതാണ്. അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട മുഴുവൻ വിവരങ്ങളും രേഖകളുടെ പകർപ്പും ഉത്തരവ് കൈപ്പറ്റി 20 ദിവസത്തിനകം ടിയാന് നൽകേണ്ടതാണ് എന്നായിരുന്നു ഉത്തരവിൽ പറഞ്ഞിരുന്നത്. ഇത് നൽകാതിരുന്ന പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ

യോട് നടപടിയെടുക്കാതിരിക്കാൻ കാരണങ്ങളുണ്ടെങ്കിൽ അതിനുള്ള വിശദീകരണവും ആവശ്യപ്പെട്ടിരുന്നു.

2. ഇതനുസരിച്ച് ഒന്നാംഎതിർകക്ഷി 29.09.2021 ൽ വിശദീകരണം നൽകി. അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ അടങ്ങുന്ന മിനിട്ട്സ് ബുക്ക് കൊച്ചി സബ്കോടതിയിലാണെന്നും, ആയത് തിരിച്ചുകിട്ടുന്നതിന് അപേക്ഷ നൽകിയെങ്കിലും, കോടതിയിലെ റെക്കോഡ് റൂം സൂക്ഷിപ്പുകാരന് കോവിഡ് ബാധിച്ചതിനാൽ മറുപടി ലഭിച്ചില്ലെന്നും, ടി കേസുമായി ബന്ധപ്പെട്ട . മുഴുവൻ ഫയലും ഇപ്പോഴും ഹൈക്കോടതിയിലാണെന്നും, ആയത് ഹൈക്കോടതിയിൽ നിന്ന് തിരിച്ചുകിട്ടുന്നതിന് പഞ്ചായത്തിന്റെ അഭിഭാഷകൻ അഡ്വ. റാഫേൽകുട്ടിയോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും, ആയത് തിരിച്ചു ലഭിച്ചാലുടൻ അപ്പീൽ ഹർജിക്കാരന് പകർപ്പ് നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

3. അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട യോഗമിനിട്ട്സ് ഓഫീസിൽ ലഭ്യമല്ലാതിരുന്ന സാഹചര്യത്തിലാണ് അന്നത് കൊടുക്കാൻ കഴിയാതിരുന്നതെന്നും, മന:പൂർവ്വമല്ലാത്ത വീഴ്ചയുടെ പേരിൽ സർവ്വീസിൽ നിന്ന് വിരമിച്ച തന്നെ ശിക്ഷാ നടപടികളിൽ നിന്നും ഒഴിവാക്കണമെന്നും 27.09.2021 ൽ സമർപ്പിച്ച വിശദീകരണത്തിൽ പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ ശ്രീമതി. ഫിലോമിന E.A പറയുന്നു.

4. ഇതിനുശേഷം 15.11.2021 ൽ നിലവിലെ ഒന്നാംഎതിർകക്ഷിയായ ചെല്ലാനം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി വിശദീകരണം നൽകി. അതിൽ ഇപ്രകാരം പറയുന്നു. അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങളടങ്ങുന്ന മിനിട്ട്സ് ബുക്ക് തിരികെ കോടതിയിൽ നിന്ന് വാങ്ങാതിരുന്നതിന് മുൻ സെക്രട്ടറി ശ്രീമതി ഉഷയ്ക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ടെന്നും, ടി നോട്ടീസിന് നൽകിയ മറുപടിയിൽ ടി മിനിട്ട്സ് ബുക്ക് ബഹു. കൊച്ചി ജെ.എഫ്.സി.എം കോടതിയിൽ CC 3982/11 നമ്പരായി കേസ് നടക്കുന്നതിനാൽ ഇപ്പോഴും ടി കോടതിയിൽ തന്നെയാണെന്ന് അറിയിച്ചിട്ടുണ്ടെന്നും പറയുന്നു. കോടതിയിൽ നിന്ന് വിവരം ലഭിക്കുന്ന മുറയ്ക്ക് ടി മിനിട്ട്സിന്റെ പകർപ്പ് ശ്രീ. ജോസഫ് മാമൂട്ടിലിന് നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഇതെല്ലാം പരിശോധിച്ചതിൽ നിന്ന് ഒന്നാം

എതിർകക്ഷിയുടെ ഓഫീസിൽ ലഭ്യമായ രേഖകളും വിവരങ്ങളും നൽകിക്കഴിഞ്ഞതായി കമ്മീഷൻ വിലയിരുത്തുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ അപ്പീൽ ഹർജിയിൽ തുടർ നടപടികൾ അവസാനിപ്പിച്ച് ഇന്നേദിവസം 27.01.2022 ന് ഉത്തരവാകുന്നു.

**(ഒപ്പ്)**
**കെ.വി.സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

re